(സി) ചോദ്യം ഉദിക്കുന്നില്ല.

105 (1331) പ്രാഥമികാവശ്യങ്ങൾക്ക് സൗകര്യം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് താലൂക്ക് ഓഫീസുമായി ബന്ധപ്പെടുന്ന പൊതു ജനങ്ങൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഇല്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) ഇവിടെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുജനങ്ങളിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടില്ല. തഹസിൽദാർ ഇക്കാര്യം കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടിണ്ട്.

(സി) ഇതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ട്. ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

106 (1332) അളവു തൂക്കങ്ങളിലെ കൃത്രിമം

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അളവു തൂക്കങ്ങളിലെ കൃത്രിമം കണ്ടെത്തി 1998-99 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയിൽ എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ചടയമംഗലം മണ്ഡലത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൻമേൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) 1274 കേസ്സുകൾ

(ബി) ചടയമംഗലം നിയോജകമണ്ഡലത്തിൽ 29 കേസ്സുകൾ കണ്ടു പിടിച്ചു. എല്ലാ കേസ്സുകളും ഡിപ്പാർട്ടുമെന്റലായി രാജിയാക്കുകയും, രാജി ഫീസായി 5600/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

107 (1333) സംസ്ഥാനത്തെ പഞ്ചായത്തുകൾ

ശ്രീ. പാലോട് രവി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ബി. വിജയകുമാർ :

LIBRARY ARCHIVES Kerala Legislative Assembly